# 25 ഇഖ്‌വാൻ നേതാക്കൾക്ക് തടവറ



**ഈജിപ്തിലെ** ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ 25 മുതിർന്ന നേതാക്കളെ ജയിലിലടക്കുമെന്ന സൈനിക കോടതിയുടെ വിധി, 1966-ൽ സയ്യിദ് ഖുത്ബിന് വധശിക്ഷ നടപ്പിലാക്കിയതിനു ശേഷം ഇഖ്‌വാനെതിരെ ഭരണകൂടം നടത്തുന്ന ഏറ്റവും കടുത്ത നീക്കമാണെന്ന് രാഷ്ട്രീയ നിരീക്ഷകർ അഭിപ്രായപ്പെടുന്നു. കഴിഞ്ഞ ഏപ്രിൽ 15-നായിരുന്നു സൈനിക കോടതിയുടെ വിധി. ഇഖ്‌വാനെ രാഷ്ട്രീയമായി ഒതുക്കാനായിരുന്നു അടുത്ത കാലത്ത് ഈജിപ്ഷ്യൻ പ്രസിഡന്റ് ശ്രമിച്ചിരുന്നത്. ഒതുക്കുകയല്ല, നശിപ്പിക്കുക തന്നെയാണ് ലക്ഷ്യമെന്ന് ഈ വിധി വെളിപ്പെടുത്തുന്നു.

മുതിർന്ന നേതാക്കൾ ജയിലിലായാൽ ഇഖ്‌വാൻ സംഘടനാപരമായി തളരുമെന്ന ഭരണവർഗത്തിന്റെ കണക്കുകൂട്ടൽ തെറ്റുമെന്ന കാര്യത്തിൽ *അൽ അഹ്റാം* ദിനപത്രത്തിലെ രാഷ്ട്രീയ കാര്യ വിദഗ്ധൻ ഖലീൽ അനാനിക്ക് സംശയമൊന്നുമില്ല. പുതിയ നേതാക്കൾ ഉയർന്നുവരികയും അവർ സംഘടനയെ നയിക്കുകയും ചെയ്യും. ഇഖ്‌വാന്റെ സാമ്പത്തിക സ്രോതസ്സുകൾ പറ്റെ വറ്റിച്ചുകളയുക എന്നതും ഈ നീക്കത്തിന്റെ മുഖ്യ ഉന്നമാണ്. ഇഖ്‌വാന്റെ ഉപാധ്യക്ഷൻമാരിലൊരാളായ ഖൈറാത്ത് ശാത്വിർ, ഇഖ്‌വാൻ നേതാക്കളും ബിസിനസ്സുകാരുമായ ഹസൻ മാലിക്, അഹ്മദ് അബ്ദുൽ ആത്വി, അഹ്മദ് അശ്റഫ് തുടങ്ങിയവരുടെ മുഴുവൻ ആസ്തികളും കമ്പനി ഓഹരികളും കണ്ടുകെട്ടാനുള്ള തീരുമാനം അതിന്റെ ഭാഗമാണ്. ഈ നീക്കവും വിജയിക്കാനിടയില്ല. ബിസിനസ്സുകാരല്ല സംഘടനയുടെ പ്രധാന വരുമാന സ്രോതസ്സ്. പ്രവർത്തകരും അനുഭാവികളും നൽകുന്ന മാസാന്ത വിഹിതത്തെയും സംഭാവനകളെയും മറ്റുമാണ് സംഘടന കാര്യമായും ആശ്രയിക്കുന്നത്. ഈജിപ്ഷ്യൻ രാഷ്ട്രീയം കൂടുതൽ സംഘർഷഭരിതമാവുമെന്നാണ് ഇതെല്ലാം നൽകുന്ന സൂചന. ■

# *സമരസ*ത്തെക്കുറിച്ച പഠനത്തിന് ഡോക്ടറേറ്റ്

***സമരസ*ത്തിന്റെ** ഉള്ളടക്കത്തെക്കുറിച്ചും അത് സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ചും പഠനം നടത്തിയ പ്രഫ. അഹ്മദ് മരിക്കാറിന് ഡോക്ടറേറ്റ് നൽകാൻ മദ്രാസ് യൂനിവേഴ്സിറ്റി തീരുമാനിച്ചു. തമിഴിൽ പുറത്തിറങ്ങുന്ന ഇസ്‌ലാമിക ദ്വൈവാരികയാണ് *സമരസം*. 28 വർഷമായി ഇത് മുടങ്ങാതെ പുറത്തിറങ്ങുന്നു. തമിഴ്നാട്ടിലെ ഇസ്‌ലാമിക പത്രപ്രവർത്തന ചരിത്രത്തിൽ ഇതൊരു റെക്കോർഡാണെന്നും തമിഴിലെ ഒരു ഇസ്‌ലാമിക പത്രത്തിനും രണ്ടോ മൂന്നോ വർഷത്തിൽ കൂടുതൽ ആയുസ്സുണ്ടായിട്ടില്ലെന്നും അതാണ് ഈ വിഷയം തെരഞ്ഞെടുക്കാൻ തനിക്ക് പ്രേരണയായതെന്നും അഹ്മദ് മരിക്കാർ പറയുന്നു.




തമിഴിലെ ഇസ്‌ലാമിക പത്രപ്രവർത്തനത്തെ '*സമരസ*ത്തിന് മുമ്പും ശേഷവും' എന്ന് വേർതിരിക്കാമെന്ന് അഹ്മദ് മരിക്കാർ. ഇസ്‌ലാമിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന പത്രങ്ങളുടെ ഉള്ളടക്കവും ലേഔട്ടും പരമ്പരാഗത ശൈലിയിലായിരുന്നു. അതിൽ കാതലായ മാറ്റമുണ്ടാവുന്നത് *സമരസ*ത്തിന്റെ വരവോടെയാണ്. ജമാഅത്തെ ഇസ്‌ലാമിയുടെ മുഖപത്രം കൂടിയായ *സമരസ*ത്തിന്, ഇസ്‌ലാമിനെ ഒരു ദർശനമെന്ന നിലക്ക് ഇതര സമൂഹങ്ങൾക്ക് പരിചയപ്പെടുത്താനും സാധിച്ചു. തമിഴ്നാട്ടിൽ നല്ല പ്രചാരമുള്ള *കമുദം* എന്ന പത്രം കഴിഞ്ഞ വർഷം പ്രശസ്ത നോവലിസ്റ്റ് സുജാതയെ ഏറ്റവും നല്ല പത്രം തെരഞ്ഞെടുക്കാൻ ഏൽപിച്ചു. ധാർമിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഏറ്റവും നല്ല പത്രം *സമരസ*മാണ് എന്നായിരുന്നു സുജാതയുടെ വിലയിരുത്തൽ.

എച്ച്. അബ്ദുർറഖീബാണ് *സമരസ*ത്തിന്റെ എഡിറ്റർ. കമ്യൂണിസ്റ്റുകാരും ദലിത് വിഭാഗങ്ങളും ദ്രാവിഡ മുന്നേറ്റ പ്രസ്ഥാനങ്ങളും പുറത്തിറക്കുന്ന പത്രങ്ങൾ *സമരസ*ത്തിലെ ലേഖനങ്ങൾ പുനഃപ്രസിദ്ധീകരിക്കാറുണ്ട്. ഇതിനേക്കാളേറെ വൈപുല്യവും പാരമ്പര്യവും കേരളത്തിലെ ഇസ്‌ലാമിക പത്രപ്രവർത്തനത്തിന് അവകാശപ്പെടാനാവുമെങ്കിലും അത്തരമൊരു പഠനം ഇന്നുവരെ നടന്നതായി അറിയില്ല. ■

# ഇസ്‌ലാമിക പുസ്തകങ്ങൾ ചുട്ടു കരിക്കുന്നു



**റഷ്യയിലെ** മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിലൊന്നാണ് താതാരിസ്താൻ. അവിടത്തെ ഇസ്‌ലാമിക മതകാര്യ സമിതിയായ *മുഫ്തിയ്യത്ത്* 2008 മാർച്ച് നാലിന് അതിനു കീഴിലുള്ള പള്ളികളിലേക്കും കലാലയങ്ങളിലേക്കും മറ്റു സ്ഥാപനങ്ങളിലേക്കും ഒരു സർക്കുലർ അയച്ചു: 'റഷ്യയിലെ ചില പ്രവിശ്യാ കോടതികൾ ഇന്നയിന്ന ഇസ്‌ലാമിക ഗ്രന്ഥങ്ങളൊക്കെ തീവ്രവാദം പ്രചരിപ്പിക്കുന്നവയാണെന്ന് കണ്ടെത്തിയിരിക്കുന്നു. അതുകൊണ്ട് അവയൊക്കെ ചുട്ടുകരിച്ചേക്കണം.' ദിവസങ്ങൾക്കകം ഇസ്‌ലാമിക ഗ്രന്ഥശേഖരങ്ങളുടെ വലിയൊരു ഭാഗം ചാരമായി. ഇങ്ങനെ നിരോധിക്കപ്പെട്ട കൃതികളിൽ ഇരുപതാം നൂറ്റാണ്ടിലെ പ്രശസ്ത പണ്ഡിതൻ ബദീഉസ്സമാൻ സഈദ് നൂർസിയുടെ കൃതികൾ വരെയുണ്ട്. ഈ കൃതികൾ വർഷങ്ങളായി റഷ്യൻ ഭാഷയിൽ പ്രചാരത്തിലുള്ളവയാണ്. അവ വിദ്വേഷവും മതതീവ്രതയും വളർത്തുന്നുവെന്ന് ഇന്നേവരെ ആരും ആരോപിച്ചിട്ടില്ല.

വ്യക്തമായ കാരണങ്ങൾ കാണിക്കാതെ ഇസ്‌ലാമിക പുസ്തകങ്ങൾക്ക് നിരോധമേർപ്പെടുത്താനുള്ള റഷ്യൻ ഫെഡറൽ ഭരണകൂടത്തിന്റെ നടപടിക്കെതിരെ പ്രമുഖ മനുഷ്യാവകാശ സംഘടനകളൊന്നും പ്രതികരിക്കുകയുണ്ടായില്ല. ഓസ്‌ലോ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന Forum 18 മാത്രമാണ് ഇസ്‌ലാമിക കൃതികളെ കരിമ്പട്ടികയിൽ ചേർത്ത നടപടിക്കെതിരെ ശബ്ദിച്ചത്.

"യാതൊരു നിയമലംഘനവും നടത്താത്ത കൃതികളാണ് നിരോധിച്ചതത്രയും. വിധി പ്രസ്താവിക്കുന്നതിനുമുമ്പ് മുസ്‌ലിം പണ്ഡിതന്മാരുടെയും ഇമാമുമാരുടെയും അഭിപ്രായം കോടതി ആരായേണ്ടതായിരുന്നു. അങ്ങനെയുണ്ടായില്ല. പ്രതിഭാഗത്തിനുവേണ്ടി ഒരാളും ഹാജറാവാത്ത ഈ വിധി അംഗീകരിക്കാനാവില്ല" റഷ്യയിലെ ഗ്രാന്റ് മുഫ്തി റാവിൽ സൈനുദ്ദീൻ പറഞ്ഞു.

ഗ്രന്ഥകാരന്മാരെയും പ്രസാധകരെയും പോലും പരാമർശിക്കാതെ പുസ്തകങ്ങളുടെ പേരുകൾ മാത്രമാണ് നിരോധപ്പട്ടികയിൽ ചേർത്തിരുന്നത്. മുഹമ്മദ് നബിയുടെ ജീവിതം, ഇസ്‌ലാമിന്റെ വിശ്വാസാടിത്തറകൾ തുടങ്ങിയ പേരുകളിലുള്ള പുസ്തകങ്ങളും ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടത്രെ.

നിരോധിച്ചെന്ന് കേട്ടപ്പോഴേക്ക് പുസ്തകങ്ങളെടുത്ത് തീയിലെറിഞ്ഞ താതാരിസ്താനിലെ *മുഫ്തിയ്യത്തി*ന്റെ നിലപാട് അപക്വവും ഭീരുത്വം നിറഞ്ഞതുമാണെന്നാണ് മറ്റു റഷ്യൻ മുസ്‌ലിം കൂട്ടായ്മകൾ കുറ്റപ്പെടുത്തുന്നത്. ഇത് കൂടുതൽ ഇസ്‌ലാമിക പുസ്തകങ്ങൾ കരിമ്പട്ടികയിൽ പെടുത്താൻ ഭരണകൂടങ്ങൾക്ക് പ്രചോദനമാവും. ഇത്തരം പ്രശ്നങ്ങൾ അന്താരാഷ്ട്ര സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അന്യായമായ വിധിക്കെതിരെ അപ്പീൽ കൊടുക്കുകയുമാണ് വേണ്ടത് എന്നാണ് അവരുടെ അഭിപ്രായം. ■